# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 5815 25.05.2017- ൽ മറുപടിക്ക്

## കൈത്തറി മേഖലയുടെ നവീകരണത്തിനുള്ള നടപടികൾ

**ചോദ്യം**
ശ്രീ.റ്റി.വി.രാജേഷ്
ശ്രീ.കെ.ആൻസലൻ
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.പി.കെ.ശശി

**ഉത്തരം**
ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

(എ) കൈത്തറി മേഖലയുടെ നവീകരണത്തിനും ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എ) കൈത്തറി മേഖലയുടെ നവീകരണത്തിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.
1)പണിശാല നവീകരണത്തിന് ധനസഹായം.
2)ഡൈഹൗസ് നവീകരണത്തിന് ധനസഹായം.
3)വ്യക്തിഗത നെയ്ത്തുകാർക്ക് പണിശാല നവീകരണത്തിനുള്ള ധനസഹായം.

മേൽപറഞ്ഞ പദ്ധതികൾക്ക് താഴെ പറയുന്ന തുക 2016-17 വർഷം വിനിയോഗിച്ചു.

| | | |
|---|---|---|
| 1 | പണിശാലാ നവീകരണ ഗ്രാന്റ് | 14,09,440/- |
| 2 | ഡൈഹൗസ് നവീകരണ ഗ്രാന്റ് | 6,87,780/- |
| 3 | വ്യക്തിഗത നെയ്ത്തുകാർക്ക് പണിശാല നവീകരണ ഗ്രാന്റ് | 10,84,000/- |

കൂടാതെ, ഉൽപന്ന വൈവിധ്യവൽക്കരണത്തിന് പുനരുദ്ധാരണ പദ്ധതിയിൻ കീഴിൽ ധനസഹായം നൽകുന്നു. ഒരു ഡിസൈനിന് 20,000/- രൂപ വീതം ഡിസൈൻ വികസനത്തിനായി 1 ലക്ഷം രൂപ ഉൽപന്ന വൈവിധ്യവൽക്കരണത്തിനായി നൽകുന്നുണ്ട്. മൂല്യവർദ്ധിതവും, അധികമൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനവും, പ്രോത്സാഹനവും എന്ന പദ്ധതിയിലൂടെ ശേഷിവികസനത്തിനും പുതിയ ഡിസൈൻ വികസനത്തിനും നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നു. ട്രെയിനിംഗിൽ പങ്കെടുക്കുന്ന നെയ്ത്തുകാർക്ക് സ്റ്റൈപന്റ്, ട്രെയിനിംഗിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങാൻ ധനസഹായം, പരിശീലകർക്കുള്ള വേതനം എന്നിവയും നൽകുന്നു.

| | |
|---|---|
| (ബി) കൈത്തറി നെയ്ത്തുകാർക്ക് പരമ്പരാഗതമായി ലഭിച്ചുവരുന്ന വിവിധതരം ഇൻസെന്റീവുകളും ക്ഷേമപദ്ധതികളും വരുമാന ഉറപ്പ് പദ്ധതിയും തുടരുന്നതിനു എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) കൈത്തറി നെയ്ത്തുകാർക്ക് പരമ്പരാഗതമായി ലഭിച്ചു വരുന്ന ഇൻസെന്റീവ് പദ്ധതിയാണ് പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. ഇതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 450 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) കൈത്തറി ഉല്പന്നങ്ങൾക്ക് റിബേറ്റ് നൽകിയ വകയിലുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) റിബേറ്റ് കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 5.93 കോടി രൂപ ഇതിനായി വിനിയോഗിച്ചു. നടപ്പു വർഷം 6 കോടി രൂപ റിബേറ്റ് നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ